**നമ്പർ എൻ.ഇ.പി 3/18765/2005**

**പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം, തിരുവനന്തപുരം**

**തീയതി : 18.02.2008**

## <u>സർക്കുലർ</u>

**വിഷയം :** **ഹൈസ്കൂൾ ക്ലാസ്സുകളിലെ 2007-08 അധ്യയനവർഷത്തെ വാർഷിക ഐ.ടി.പ്രായോഗിക പരീക്ഷാ നടത്തിപ്പ് സംബന്ധിച്ച നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.**

**സൂചന :** 24.11.2007 ലെ പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ എൻ.ഇ. പി -3/18765/05-ാം നമ്പർ സർക്കുലർ.

സംസ്ഥാനത്ത് 2007-08അദ്ധ്യയന വർഷം മുതൽ 8,9,10 ക്ലാസ്സുകളിൽ പൂർണ്ണമായും IT@School GNU/LINUX ഓപ്പറേറ്റിങ്ങ് സിസ്റ്റത്തിലാണ് ഐ.ടി.പഠനം നടക്കുന്നത്. ഈ ക്ലാസ്സുകളിലെ ഐ.ടി പ്രായോഗിക പരീക്ഷ നടത്തുന്നതിന് പ്രത്യേകം വികസിപ്പിച്ചെടുത്ത സോഫ്റ്റ്വെയറാണ് ഉപയോഗിക്കുന്നത്. സംസ്ഥാനത്തുടനീളം ഏകീകൃത രീതിയിൽ ഐ.ടി. പ്രായോഗിക പരീക്ഷ നടക്കണമെന്ന ഉദ്ദേശത്തോടുകൂടിയാണ് പ്രസ്തുത സോഫ്റ്റ്വെയർ വികസിപ്പിച്ചെടുത്തിട്ടുള്ളത്. 8,9 ക്ലാസുകളിൽ 2007-08 അധ്യയനവർഷത്തിലെ വാർഷിക ഐ.ടി പ്രായോഗിക പരീക്ഷാ നടത്തിപ്പ് സംബന്ധിച്ച വിശദാംശങ്ങൾ താഴെ കൊടുക്കുന്നു:

(1) ഐ.ടി പ്രായോഗിക പരീക്ഷ ലിനക്സ് ഓപ്പറേറ്റിംഗ് സിസ്റ്റത്തിലാണ് നടത്തേണ്ടത്.

(2) രണ്ടാം പാദവാർഷിക പരീക്ഷയുടെ മാതൃകയിൽ തന്നെയാണ് വാർഷിക ഐ.ടി പരീക്ഷയും നടത്തുന്നത്. 8, 9 ക്ലാസുകളിൽ ഒന്ന്, രണ്ട് പാദവാർഷിക പരീക്ഷകൾക്കുവേണ്ടി നൽകിയിട്ടുള്ള സോഫ്റ്റ്വെയർ CDയിൽ തന്നെ വാർഷിക പരീക്ഷക്ക് ആവശ്യമായ ഭാഗവും ഉൾപ്പെടുത്തിയിട്ടുണ്ട്.

(3) പരീക്ഷാ നടത്തിപ്പുമായി ബന്ധപ്പെട്ട് സ്കൂൾ ഐ.ടി കോർഡിനേറ്റർമാർക്ക് പരിശീലനം മുമ്പ്നൽകിയിട്ടുണ്ട്.

(4) ഈ പ്രായോഗിക പരീക്ഷയിൽ ലഭിക്കുന്ന സ്കോർ വർഷാന്ത്യ എഴുത്തു പരീക്ഷയിൽ ലഭിക്കുന്ന സ്കോറിനോടൊപ്പം ചേർത്ത് കണക്കാക്കേണ്ടതും അടുത്ത ക്ലാസിലേക്കുള്ള പ്രമോഷനിൽ പരിഗണിക്കേണ്ടതുമാണ്.

(5) മൂന്നാം ടേം ഐ.ടി പ്രായോഗിക പരീക്ഷ 2008 ഫെബ്രുവരി 18 മുതൽ ഫെബ്രുവരി 22 വരെയും പിന്നീട് ആവശ്യമെങ്കിൽ മാർച്ച് മാസത്തിൽ SSLC പരീക്ഷ ഇല്ലാത്ത ദിവസങ്ങളിലും നടത്തി തീർക്കേണ്ടതാണ്.

**പൊതുവിദ്യാഭ്യാസ ഡയറക്ടർ**

**എല്ലാ ജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും**

**പകർപ്പ് :-**

(1) എല്ലാ DDEമാർക്കും

(2) എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.ടി.@സ്ക്കൂൾ പ്രോജക്ട്

(3) എല്ലാ പ്രഥമ അദ്ധ്യാപകർക്കും (ജില്ലാ വിദ്യാഭ്യാസ ഓഫീസർ മുഖേന)

(4) ജില്ലാ കോർഡിനേറ്റർ, മാസ്റ്റർ ട്രെയിനർ കോർഡിനേഷൻ/മാസ്റ്റർ ട്രെയിനർ, ഐ.ടി@സ്കൂൾ പ്രോജക്ട്.